"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യഫെഡിന്റെ നേതൃത്വത്തിലുള്ള വല നിർമ്മാണശാലകളും, വ്യാസ സ്റ്റോറുകളും അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.229/2020/മ.ഉ.വ** തീയതി,തിരുവനന്തപുരം, 08/05/2020

---

പരാമർശം:- 1 24.04.2020 ലെ സ ഉ ( സാധ ) നമ്പർ 218/2020/ മതുവ

2 30.04.2020 ലെ സ ഉ ( സാധ ) നമ്പർ 226/2020/ മതുവ

3 05.05.2020ലെ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ മത്സ്യഫെഡ്/എം.ഡി/2020 നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ മാർച്ച് 24 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിന് ശേഷം മത്സ്യബന്ധനവും മത്സ്യവിപണനവും നിയന്ത്രിതമായ രീതിയിലാണ് നടന്നു വരുന്നത്. പരാമർശം(1), (2) പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഇളവുകൾ നൽകി ഉത്തരവായിരുന്നു. കോവിഡ്-19ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങളിൽ ഘട്ടം ഘട്ടമായി ഇളവുകൾ നൽകിയ വരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കാവശ്യമായ എൻജിനും വലയും മറ്റ് മത്സ്യബന്ധന ഉപകരണങ്ങളും ലഭിക്കുന്നതിലേയ്ക്കായി, മത്സ്യഫെഡിന്റെ നേതൃത്വത്തിലുള്ള വല നിർമ്മാണശാലകളും, വ്യാസ സ്റ്റോറുകളും അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളികൾക്കാവശ്യമായ എൻജിനും വലയും മറ്റ് മത്സ്യബന്ധന ഉപകരണങ്ങളും ലഭിക്കുന്നതിലേയ്ക്കായി, മത്സ്യഫെഡിന്റെ നേതൃത്വത്തിലുള്ള വല നിർമ്മാണശാലകളും, വ്യാസ സ്റ്റോറുകളും കേന്ദ്ര സർക്കാരിന്റെ ലോക്ക്ഡൗൺ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടോം ജോസ്**

**ചീഫ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ മത്സ്യഫെഡ്

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ പോലീസ് വകുപ്പ് മേധാവികൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by Manju M S
Date: 2020.05.08 16:37:58 IST
Reason: Approved

സെക്ഷൻ ഓഫീസർ